**സയ്യിദ് അസ്അദ് ഗീലാനി**

# ഇദാറെ ദാറുൽ ഇസ്‌ലാം

**മഹാകവി, അല്ലാമാ ഇഖ്ബാൽ, ചൗധരി നിയാസ് അലി, മൗലാനാ മൗദൂദി എന്നിവരുടെ സംയുക്ത നേതൃത്വത്തിൽ 1938-ൽ പഠാൻകോട്ടെ ജമാൽപൂരിൽ സ്ഥാപിതമായ ഇദാറഃ ദാറുൽ ഇസ്‌ലാം ജമാഅത്തെ ഇസ്‌ലാമിയുടെ ആദിരൂപമായിരുന്നു എന്ന് പറയാം. 1941-ൽ ജമാഅത്തെ ഇസ്‌ലാമി രൂപീകൃതമായപ്പോൾ 'ഇദാറെ'യെ ജമാഅത്തിൽ ലയിപ്പിക്കുകയാണുണ്ടായത്. ഇദാറ ദാറുൽ ഇസ്‌ലാമിനെ സംക്ഷിപ്തമായി പരിചയപ്പെടുത്തുകയാണ് ചുവടെ:**

ഹൈദരാബാദി(ഡക്കാൻ)ൽ നിന്ന് തർജുമാനുൽ ഖുർആൻ മാസികയിലൂടെ, സമുദായത്തിന്റെ രാഷ്ട്രീയവും ധാർമികവുമായ അവസ്ഥകൾ വിശകലനം ചെയതുകൊണ്ട് മുസ്‌ലിംകളിൽ ദീനിചൈതന്യം ഉദ്ദീപിപ്പിക്കാൻ നിരന്തരം ശ്രമം നടത്തിക്കൊണ്ടിരിക്കെയാണ്, 1937 അവസാനത്തിൽ മഹാകവി അല്ലാമാ ഇഖ്ബാലിന്റെ കത്ത് മൗലാനാ മൗദൂദിക്ക് ലഭിക്കുന്നത്. ഹൈദരാബാദിൽ നിന്ന് പഞ്ചാബിലേക്ക് വന്ന് ഉത്തരേന്ത്യയുടെ സ്വതന്ത്രമായ അന്തരീക്ഷത്തിൽ പ്രബോധന പ്രവർത്തനങ്ങൾ നടത്താനുള്ള ക്ഷണമായിരുന്നു കത്തിലെ ഉള്ളടക്കം. ചൗധരി നിയാസ് അലിസാഹിബിന്റെ നിർദേശ പ്രകാരമാണ് മഹാകവി ആ കത്ത് അയച്ചിരുന്നത്. ചൗധരി സാഹിബ് പഠാൻ കോട്ടിനടുത്ത് നദീതീരത്ത് സ്ഥിതിചെയ്യുന്ന ജമാൽപൂർ ഗ്രാമത്തിൽ ഇസ്‌ലാമിക പ്രബോധനത്തിനായി ഒരു ട്രസ്റ്റ് സ്ഥാപിക്കാൻ ആഗ്രഹിച്ചിരിക്കുകയായിരുന്നു. അതിനുവേണ്ടി കുറെസ്ഥലം അദ്ദേഹം വഖ്ഫ് ചെയ്തിരുന്നു. മുസ്‌ലിം സമൂഹത്തിന് ഇസ്‌ലാമിക ശിക്ഷണം നൽകേണ്ടതിന്റെ ആവശ്യകത, ഉദ്യോഗജീവിത കാലത്ത് തന്നെ മനസ്സിലാക്കിയിരുന്ന ചൗധരിസാഹിബ് ഉദ്യോഗത്തിൽനിന്ന് വിരമിച്ചപ്പോൾ തന്റെ ആ ചിരകാല സ്വപ്നം യാഥാർഥ്യവൽക്കരിക്കാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ മനസ്സിൽ പല പദ്ധതികളും ഉണ്ടായിരുന്നു. റിട്ടയർമെന്റിന് ശേഷം അല്ലാമാ ഇഖ്ബാലിനെ ചെന്ന് കണ്ട് തന്റെ ആഗ്രഹങ്ങളും പദ്ധതികളും അദ്ദേഹം അല്ലാമയുടെ മുമ്പിൽവച്ചു. മുസ്‌ലിം സമുദായത്തിന്റെ സ്പന്ദിക്കുന്ന ഹൃദയവും ഒഴുകുന്ന കണ്ണുമായിരുന്ന മഹാകവിതന്നെയും അത്തരം ചില പദ്ധതികൾ മനസ്സിൽ സൂക്ഷിച്ചു കഴിയുകയായിരുന്നു. ഇന്ത്യയിൽ ഇസ്‌ലാമിക വിജ്ഞാനീയങ്ങളുടെ പുനരുജ്ജീവനത്തിന് ഒരു കേന്ദ്രം ഉണ്ടായിരിക്കണമെന്ന് അദ്ദേഹം ശക്തിയായി അഭിലഷിച്ചിരുന്നു. ആധുനികവിജ്ഞാനം സിദ്ധിച്ചവരും പൗരാണിക വിജ്ഞാനീയങ്ങളിൽ അവഗാഹമുള്ളവരും ഒരുമിച്ചിരുന്ന് ആധുനിക പരിതസ്ഥിതികളെ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ വിലയരുത്തി ഇസ്‌ലാമിക കർമശാസ്ത്രത്തെ ആധുനിക രീതിയിൽ പുനഃക്രോഡീകരിക്കുക, ഇസ്‌ലാമിക ജീവിതവ്യവസ്ഥക്കു ലോകത്തിലെ ഇതരവ്യവസ്ഥളെക്കാളുള്ള മികവ് സൈദ്ധാന്തികമായി സമർഥിക്കുക, പാശ്ചാത്യ വിജ്ഞാനീയങ്ങൾക്ക് സമാന്തരമായി ഇസ്‌ലാമിക വിജ്ഞാനീയങ്ങൾ ക്രോഡീകരിക്കുക, ഇസ്‌ലാമിക നിയമങ്ങളെ ആധുനിക കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കുതകും വിധം പുനരാവിഷ്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്ന ഒരു പഠന ഗവേഷണകേന്ദ്രമാണ് അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നത്

**ദാറുൽ ഇസ്‌ലാമും ഇഖ്ബാലിന്റെ സ്കീമും**

തന്റെ ഈ ആഗ്രഹം ഇഖ്ബാൽ പലപ്പോഴും സുഹൃത്തുക്കളോട് പറയാറുണ്ടായിരുന്നു. അങ്ങനെയിരിക്കെയാണ് 1935 അവസാനത്തിൽ ചൗധരി നിയാസ് അലി സാഹിബ് തന്റെ പദ്ധതിയുമായി മഹാകവിയുടെ മുമ്പിൽ എത്തിച്ചേരുന്നത്. ചൗധരി സാഹിബിന്റെ പദ്ധതി വിശദരൂപത്തിൽ കേട്ടശേഷം ഇഖ്ബാൽ പറഞ്ഞു:

"ശാന്തമായ ഒരിടത്ത് ഒരു ചെറിയ ഗ്രാമം ആയോജനം ചെയ്യുന്നതായിക്കും നല്ലത്. അവിടെ ശുദ്ധമായ ഇസ്‌ലാമികാന്തരീക്ഷം സൃഷ്ടിക്കണം. എന്നിട്ട് ബുദ്ധിശാലികളായ ചെറുപ്പക്കാരെ കൊണ്ട്വന്ന് പരിശീലനം നൽകി ലോക മുസ്‌ലിംകൾക്ക് ശരിയായ നേതൃത്വം നൽകാൻ അവരെ പ്രാപ്തരാക്കുക."

1937 ജൂലൈ 20-ന് ചൗധരി നിയാസ് അലി സാഹിബിന് എഴുതിയ ഒരു കത്തിൽ അദ്ദേഹത്തിന്റെ ഈ പദ്ധതിയെക്കുറിച്ച് തനിക്കുണ്ടായിരുന്ന പ്രതീക്ഷ ഇഖ്ബാൽ പ്രകടിപ്പിക്കുന്നുണ്ട്.

"ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം വിഷമകരമായ ഒരവസ്ഥയാണ് രാജ്യത്ത് സംജാതമായിക്കൊണ്ടിരിക്കുന്നത്. അതിനാൽ ഇസ്‌ലാമിന്റെ രക്ഷക്ക് വേണ്ടി സാധ്യമാകുന്ന എല്ലാ ശ്രമങ്ങളും നടത്തേണ്ടത് ബോധമുള്ള ആളുകളുടെ കടമയാണ്. ഇൻശാ അല്ലാഹ്, താങ്കളുടെ ഈ സ്ഥാപനം ഈ ലക്ഷ്യം നല്ല രൂപത്തിൽ പൂർത്തീകരിക്കുകതന്നെ ചെയ്യും."

**പൂർണ മനുഷ്യനെത്തേടി**

ഈജിപ്തിലെ അൽ അസ്ഹർ സർവകലാശാലയുടെ വൈസ് ചാൻസലർ ശൈഖ് മുസ്തഫാ മറാഗിക്ക് എഴുതിയ ഒരു കത്തിലും തന്റെ ഈ സന്തുഷ്ടി അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി:

"ഞങ്ങൾ പഞ്ചാബിലെ ഒരു ഗ്രാമത്തിൽ, ആധുനിക വിദ്യാഭ്യാസം സിദ്ധിച്ചവരെയും മതവിജ്ഞാനീയങ്ങളിൽ അവഗാഹമുള്ളവരെയും സമ്മേളിപ്പിച്ചുകൊണ്ട് ഒരു സ്ഥാപനം തുടങ്ങാൻ തീരുമാനിച്ചിരിക്കുകയാണ്. ഇവർ ഉയർന്ന ധൈഷണിക സിദ്ധിയുള്ളവരും ഇസ്‌ലാമിന് വേണ്ടി ജീവിതം ഉഴിഞ്ഞുവെക്കാൻ സന്നദ്ധരായവരുമായിരിക്കും. ആധുനിക സംസ്കാരത്തിന്റെ ബഹളങ്ങളിൽ നിന്ന് അകലെ അവർക്ക് വേണ്ടി ഒരു ഹോസ്റ്റലും ലൈബ്രറിയും സ്ഥാപിക്കാൻ ഞങ്ങളുദ്ദേശിക്കുന്നു. അവർക്ക് നേതൃത്വം നൽകുന്നതിന് വേണ്ടി ഉൽകൃഷ്ടനും പൂർണനുമായ ഒരധ്യാപകനെ ഞങ്ങൾക്കാവശ്യമുണ്ട്. ഖുർആനിൽ അവഗാഹവും ഉൾക്കാഴ്ചയുമുള്ള തോടൊപ്പം ആധുനിക കാലഘട്ടത്തിലെ മാറ്റങ്ങളെക്കുറിച്ച് വിവരവുമുള്ള ഒരാളായിരിക്കണമദ്ദേഹം. തന്റെ അറിവുകൊണ്ടും രചനകൊണ്ടും ഇസ്‌ലാമിക നാഗരികതയുടെ പുനരുജ്ജീവനത്തിന് ജിഹാദനുഷ്ഠിക്കാൻ അയാൾക്കു കഴിയണം."

ഈ യോഗ്യതകളോടു കൂടിയ ഒരു വ്യക്തിത്വത്തെക്കുറിച്ച് ചൗധരി നിയാസ് അലി സാഹിബിന്റെയും അല്ലാമാ ഇഖ്ബാലിന്റെയും അന്വേഷണം പക്ഷേ, എവിടെയും എത്തിയില്ല. അൽ-അസ്ഹറിൽ നിന്ന് ചാൻസലറുടെ മറുപടി വന്നെങ്കിലും ഫലം നിരാശതന്നെയായിരുന്നു. എങ്കിലും ഒരു പൂർണമനുഷ്യനെത്തേടിയുള്ള തങ്ങളുടെ അന്വേഷണം അവസാനം മൗലാനാ മൗദൂദിയെ കിട്ടുന്നത് വരെ അവർ തുടർന്നുകൊണ്ടിരുന്നു. 1939-ൽ "ദാറുൽ ഇസ്‌ലാം"

എന്ന പത്രത്തിൽ എഴുതിയ ഒരു ലേഖനത്തിൽ ചൗധരി നിയാസ് അലി സാഹിബ് എഴുതുന്നു:

"ഇതിനിടെയാണ് മൗലാനാ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുമായി ഈ സ്ഥാപനത്തെത്തുറിച്ച് കത്തിടപാടുകൾ നടത്താൻ എനിക്ക് അവസരം സിദ്ധിച്ചത്. അല്ലാമാ ഇഖ്ബാലിന്റെ മാണിക്യം തിരയുന്ന കണ്ണുകളും മൗദൂദി സാഹിബിന്റെ മേൽ തന്നെയാണ് പതിഞ്ഞിരുന്നത്. അങ്ങനെ 1937 അവസാനത്തിൽ മൗലാനാ ഇവിടത്തെ ചുറ്റുപാടുകൾ കണ്ടുമനസ്സിലാക്കാൻ വരികയും പിന്നീട് അല്ലാമാ ഇഖ്ബാലിന്റെ സാന്നിദ്ധ്യത്തിൽ മൂന്നുപേരും കൂടി നടത്തിയ വിശദ ചർച്ചക്കു ശേഷം ദാറുൽ ഇസ്‌ലാമിലേക്ക് താമസം മാറ്റാൻ തീരുമാനിക്കുകയും ചെയ്തു. ദാറുൽ ഇസ്‌ലാം എന്നപേര് അദ്ദേഹം തന്നെയാണ് സ്ഥാപനത്തിന് നൽകിയത്."

ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾ നടത്തുന്നതിന് യോജിച്ച സ്ഥലമാണ് അതെന്ന് മനസ്സിലാവുകയും ചൗധരി നിയാസ് അലി സാഹിബിന്റെ ആത്മാർഥത ബോധ്യപ്പെടുകയും ചെയ്തപ്പോൾ മൗദൂദിക്ക് തൃപ്തിയായി. മാത്രമല്ല, അല്ലാമാ ഇഖ്ബാൽ വർഷത്തിൽ ഒന്നോ രണ്ടോ തവണ വന്ന് ദാറുൽ ഇസ്‌ലാമിൽ താമസിച്ച് പ്രവർത്തനങ്ങളിൽ സഹകരിക്കാമെന്ന് വാക്കുകൊടുക്കുകയും ചെയ്തിരുന്നു. അങ്ങനെ 1938 ജനുവരി 8 ന്, തർജുമാനുൽ ഖുർആന്റെ ഓഫീസ് അടച്ച് ജനുവരി 23 ന് തന്നെ പഠാൻ കോട്ടിൽ പുതിയ ഓഫീസ് തുറക്കുന്നതാണെന്ന് പരസ്യം ചെയ്തു. മാർച്ച് 16 നാണ് അദ്ദേഹം ദാറുൽ ഇസ്‌ലാമിൽ എത്തിയത്. ഏപ്രിൽ 16ന്, ദാറുൽ ഇസ്‌ലാമിൽ താമസിക്കുന്നതിനുള്ള ഉപാധികൾ അടങ്ങിയ പ്രസിദ്ധമായ ഉടമ്പടിപത്രം അദ്ദേഹം ട്രസ്റ്റ് കമ്മറ്റിക്ക് കൈമാറി. ട്രസ്റ്റ് കമ്മിറ്റി അതംഗീകരിച്ചതോടെ മൗദൂദി ദാറുൽ ഇസ്‌ലാമിൽ താമസമുറപ്പിച്ച് തന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

**ഇദാറ ദാറുൽ ഇസ്‌ലാം**

ജമാഅത്തെ ഇസ്‌ലാമി രൂപീകരണത്തിന്റെ മൂന്ന് വർഷം മുമ്പ് 1938 ഒക്ടോബർ 14 വെള്ളിയാഴ്ചയാണ് ദാറുൽ ഇസ്‌ലാം രൂപീകൃതമായത്. മിക്കവാറും ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യങ്ങൾ തന്നെയാണ് ഈ സ്ഥാപനത്തിനും ഉണ്ടായിരുന്നത്. അഞ്ചുപേരായിരുന്നു അതിന്റെ സ്ഥാപകാംഗങ്ങൾ. മൗലനാ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി, മൗലാനാ സദ്‌റുദ്ദീൻ ഇസ്‌ലാഹി, ജ: അബ്ദുൽ അസീസ് ശർക്കി, മേസ്ത്രി മുഹമ്മദ് സിദ്ദീഖ്, സയ്യിദ് മുഹമ്മദ് ഷാ എന്നിവർ. മൗലാനാ പലരുമായും കൂടിയാലോചിച്ച ശേഷം ഒരു ബൈലോയും പദ്ധതിയും തയാറാക്കി ദാറുൽ ഇസ്‌ലാമിന്റെ രൂപീകരണത്തിൽ താൽപര്യം പ്രകടിപ്പിച്ചിരുന്ന നാൽപത് പേർക്ക് അയച്ചുകൊടുത്തു. ഇവരിൽ പന്ത്രണ്ടാളുകൾ വരികയും ഒമ്പതാളുകൾ തങ്ങളുടെ അഭിപ്രായങ്ങൾ എഴുതി അറിയിക്കുകയും ചെയ്തു. വന്ന ആളുകൾ മൂന്ന് ദിവസം യോഗം ചേർന്ന് ബൈലോയും സ്കീമും പുനഃപരിശോധിച്ച് അന്തിമ രൂപം നൽകി. അതിനുശേഷം 'ഇദാറ'യിൽ അംഗത്വമെടുക്കാൻ സ്വയം മുന്നോട്ടു വന്ന അഞ്ചാളുകളുടെ പേരുകളാണ് നേരത്തെ പറഞ്ഞത്. യോഗം എടുത്ത മറ്റൊരു തീരുമാനം 'ഇദാറ'യുടെ അംഗസംഖ്യ നാൽപത് തികയുന്നത് വരെ ചെയർമാൻ സ്ഥാനം മൗദൂദി വഹിക്കണമെന്നും നാൽപതാളുകൾ തികഞ്ഞ ശേഷം അവരുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് സ്ഥിരം ചെയർമാനെ തിരഞ്ഞെടുക്കാമെന്നുമായിരുന്നു.

"ഇദാറ"യുടെ രൂപീകരണത്തോടൊപ്പം തന്നെ അതിന്റെ വൈജ്ഞാനിക വകുപ്പും രൂപീകരിച്ചിരുന്നു. മൗലാനാ മൗദൂദിയും മൗലാനാ സദ്‌റുദ്ദീൻ ഇസ്‌ലാഹിയുമായിരുന്നു ഈ വകുപ്പിലുണ്ടായിരുന്നത്.

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

ചർച്ചകൾക്കുശേഷം "ഇദാറ ദാറുൽ ഇസ്‌ലാമി"ന്റെ ലക്ഷ്യം താഴെപ്പറയും വിധം നിർണയിക്കപ്പെട്ടു.

"അനുവദനീയമായ സകലമാർഗങ്ങളുമുപയോഗിച്ച് ദീനുൽ ഇസ്‌ലാമിനെയും അതിന്റെ സംസ്കാരത്തെയും ചരിത്രത്തെയും വിശദീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതായിരിക്കും ഇദാറ ദാറുൽ ഇസ്‌ലാമിന്റെ ലക്ഷ്യം."

സാമാന്യമായ ഈ ലക്ഷ്യത്തെ മൗലാന മൗദൂദി ദാറുൽ ഇസ്‌ലാം സ്കീം (ദാറുൽ ഇസ്‌ലാമിന്റെ പരിപാടി) എന്ന ലേഖനത്തിൽ വിശദീകരിച്ചിട്ടുണ്ട്. അതിന്റെ രത്നച്ചുരുക്കം ഇതാണ്:

1. ഖിലാഫത്തുർറാശിദയുടെ തിരോധാനത്തിനുശേഷം മുസ്‌ലിംകൾക്ക് മാതൃകാപരമായ ഒരു ചുറ്റുപാട് ഇല്ലാതായിരിക്കുകയാണ്. അവർക്ക് മാതൃകയാവുന്ന ഒരു 'ദാറുൽ ഇസ്‌ലാം' ഇന്ന് എവിടെയുമില്ല.

2. ഈ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന്റെ തുടക്കമെന്ന നിലക്ക്, ചിന്തയിലും പ്രവർത്തനത്തിലും സ്വഭാവചര്യകളിലുമെല്ലാം ഇസ്‌ലാം തെളിഞ്ഞു നിൽക്കുന്ന, ഇസ്‌ലാമികാന്തരീക്ഷം എവിടെയും നിറഞ്ഞു നിൽക്കുന്ന ഒരു ഗ്രാമം സ്ഥാപിക്കേണ്ടതത്യാവശ്യമായിരിക്കുന്നു.

3. ഈ ഗ്രാമത്തിൽ ഇസ്‌ലാമിക വിഷയങ്ങൾ പഠിപ്പിക്കുകയും ഇസ്‌ലാമിക മര്യാദകൾ അനുശീലിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം അസത്യ വ്യവസ്ഥിതികളെ സൈദ്ധാന്തികമായി നേരിടാൻ കെൽപുറ്റ ആധുനികവും പൗരാണികവുമായ വിജ്ഞാനങ്ങളിൽ പ്രവീണരായ ആളുകളെ വാർത്തെടുക്കുകയും ചെയ്യുന്നതായിരിക്കും

4. മുസ്‌ലിം കുടിപ്പാർപ്പുകേന്ദ്രങ്ങളിൽ ഇസ്‌ലാമിക ചിന്തയും കർമവും പ്രചരിപ്പിക്കുകയും അനന്തരം ഇസ്‌ലാമിക പ്രബോധനം ഉൾകൊണ്ടവരെ സംഘടിപ്പിക്കുകയും ചെയ്യുന്നതിന് ഇസ്‌ലാമിക പ്രബോധകരുടെ ഒരു സന്നദ്ധസംഘത്തെ പരിശീലിപ്പിച്ചെടുക്കുന്നതാണ്.

5. ഇസ്‌ലാമികാന്തരീക്ഷത്തിൽ ജീവിച്ച് സ്വഭാവചര്യകൾ നന്നാക്കിയെടുക്കുന്നതിനു വേണ്ടി ഇവിടെ താൽക്കാലികമായി ആളുകൾക്ക് വന്നു താമസിക്കാവുന്നതാണ്. ഇപ്രകാരം ഏതാനും ദിവസം താമസിച്ച് പഠനവും നിരീക്ഷണവും നടത്താനും ഇസ്‌ലാമിക ജീവിതത്തിന്റെ മാതൃക കാണാനും വേണ്ടി മുസ്‌ലിംകളും അമുസ്‌ലിംകളുമായ പണ്ഡിതന്മാർക്കും ഇവിടെ വരാവുന്നതാണ്.

ചുരുക്കത്തിൽ മുസ്‌ലിംകളുടെ പഴയ കുടിപ്പാർപ്പുകേന്ദ്രങ്ങളിൽ നിന്ന് അകന്ന് നദിക്കരയിൽ പുതുതായി സ്ഥാപിച്ച ഈ ഗ്രാമം ഇസ്‌ലാമിന്റെ തനതായ ഒരു ചുറ്റുപാട് ഉണ്ടാക്കാനുദ്ദേശിച്ചുള്ളതായിരുന്നു. അവധികാലങ്ങളിൽ കോളേജ് വിദ്യാർഥികൾക്കുവേണ്ടി ഒന്നോ ഒന്നരയോ മാസം നീണ്ടുനിൽക്കുന്ന പരിശീലന കേമ്പ് സംഘടിപ്പിക്കണമെന്ന് കൂടി ഇഖ്ബാലിന്റെ നിർദേശത്തിൽ ഉണ്ടായിരുന്നു.

ചുരുക്കത്തിൽ ശരിയായ ഇസ്‌ലാമികാന്തരീക്ഷത്തിൽ നിലനിൽക്കുന്ന ഒരു ഗ്രാമം പണിത് ഇസ്‌ലാമിക ജീവിതത്തിന്റെ യഥാർഥ മാതൃക ലോകത്തിന് കാണിച്ചു കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ദാറുൽ ഇസ്‌ലാം സ്ഥാപിച്ചിരുന്നത്. അല്ലാമാ ഇഖ്ബാലിന്റെ നിർദേശത്തിൽ, അവധിക്കാലത്ത് കോളേജ് വിദ്യാർഥികൾക്കായി ഒരു മാസമോ ഒന്നരമാസമോ നീണ്ടുനിൽക്കുന്ന കേമ്പുകൾ സംഘടിപ്പിച്ച്, ദാറുൽ ഇസ്‌ലാമിന്റെ ഇസ്‌ലാമികാന്തരീക്ഷത്തിൽ ജീവിച്ച് കൊണ്ട് ഇസ്‌ലാമിക ശിക്ഷണം നേടാനും ഖുർആനും ഇസ്‌ലാമിക കാര്യങ്ങളും പഠിക്കാനും സൗകര്യപ്പെടുത്തണം എന്നു കൂടിയുണ്ടായിരുന്നു.

ഒരു പ്രസ്ഥാനത്തിന്റെ രൂപത്തിലാണ് ഈ സ്ഥാപനം സ്ഥാപിക്കപ്പെട്ടിരുന്നത്. മുസ്‌ലിംകളുടെ ശിക്ഷണ സംസ്കരണത്തിന് സമഗ്രമായ ഒരു പദ്ധതി അതിന്റെ മുമ്പിലുണ്ടായിരുന്നു. പ്രസ്തുത പദ്ധതിയനുസരിച്ച് കുടുംബമായിരുന്നു പ്രഥമ യൂനിറ്റ്. മുസ്‌ലിം സമുദായ ഘടനയിൽ കുടുംബമാണല്ലോ അടിസ്ഥാന ഘടകം. അതിനാൽ ദാറുൽ ഇസ്‌ലാമും കുടുംബത്തെ പ്രഥമ യൂനിറ്റായി പരിഗണിച്ച് കുടുംബസംസ്കരത്തിന്റെ പ്രാധാന്യത്തിന് ഊന്നൽ കൊടുത്തു. ദാറുൽ ഇസ്‌ലാമിന്റെ പദ്ധതിയിൽ ഇത് സംബന്ധിച്ച് പറയുന്ന ഭാഗം ഇങ്ങനെ വായിക്കാം:

"മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അവരുടെ വീടാണ് ശിക്ഷണ സംസ്കരണങ്ങളുടെ കേന്ദ്രം. മുസ്‌ലിം വീട്ടിൽ താമസിക്കുന്ന കുടുംബം ഒരു ഇസ്‌ലാമിക ജമാഅത്തും കുടുംബനാഥൻ ആ ജമാഅത്തതിന്റെ അമീറുമാണ്. അതിനാൽ ഈ

ചെറിയ ജമാഅത്തിനെ ഇസ്‌ലാമികാധ്യാപനങ്ങൾക്കനുസരിച്ച് നടത്തുകയും ശിക്ഷണ സംസ്കരണങ്ങൾ നൽകുകയും ചെയ്യുന്ന ചുമതല ശരീഅത്തനുസരിച്ച് ഈ അമീറിന്നുള്ളതാണ്. ഇവ്വിധത്തിൽ എല്ലാ വീടുകളുടെയും സംസ്കരണം നടക്കുകയാണെങ്കിൽ സമൂഹം മുഴുവൻ താനേ സംസ്കരിക്കപ്പെടും. "ഇദാറ"യുടെ വീക്ഷണത്തിൽ ഇതാണ് സമുദായികോദ്ധാരണത്തിനുള്ള ഏറ്റവും സുഗമവും ഹ്രസ്വവും സമഗ്രവുമായമാർഗം."

**മൂന്ന് സ്തംഭങ്ങൾ**

ഇദാറ ദാറുൽ ഇസ്‌ലാമിന്റെ മൂന്നു സ്തംഭങ്ങൾ അല്ലാമാ ഇഖ്ബാലും ചൗധരി നിയാസ് അലി സാഹിബും മൗലാനാ മൗദൂദിയുമായിരുന്നു. 1938 മാർച്ച് 18-നാണ് മൗലാനാ മൗദൂദി ഹൈദരാബാദിൽനിന്ന് ദാറുൽ ഇസ്‌ലാമിൽ താമസത്തിനെത്തിയത്. ഏതാനും ആഴ്ചകൾ കഴിഞ്ഞ്, ഏപ്രിൽ 21-ന് അല്ലാമാ ഇഖ്ബാൽ അന്തരിച്ചു. അങ്ങനെ ദാറുൽ ഇസ്‌ലാമിന് തുടക്കത്തിൽതന്നെ അതിന്റെ ഒരു സ്തംഭം നഷ്ടപ്പെട്ടു. എങ്കിലും മൗദൂദിയുടെയും ചൗധരി സാഹിബിന്റെയും നേതൃത്വത്തിൽ "ഇദാറ"യുടെ പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങി. 1939 ജനുവരിയിൽ മൗലാനാ മൗദൂദി ദാറുൽ ഇസ്‌ലാം വിട്ട് ലാഹോറിലേക്കു പോകാൻ നിർബന്ധിതനായി. ഈ കാലത്ത് ദാറുൽ ഇസ്‌ലാമിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരുന്നത്.

1. പള്ളി ഇമാമുമാർക്കു വേണ്ടി ക്ലാസുകൾ.

2. ജുമുഅഖുതുബകൾ ക്രോഡീകരിച്ചു വിതരണം ചെയ്യാനുള്ള ഏർപ്പാട് ചെയ്തിരുന്നു.

3. കോളേജ് വിദ്യാർഥികൾക്കു അറബി പഠിക്കാനുള്ള സംവിധാനം ഉണ്ടായിരുന്നു.

4. ചെറിയ തോതിൽ വിദ്യാർഥികൾക്ക് തൊഴിൽ പരിശീലിപ്പിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു.

ഈ ദൗത്യം മുൻനിർത്തി മൗലാനാ മൗദൂദി ജമാൽ പുരിയിലെ പള്ളിയെ ജുമുഅത്ത് പള്ളിയായി പ്രഖ്യാപിച്ചിരുന്നു. ഇവിടെ വെച്ചാണ് പിൽക്കാലത്ത് "ഖുതുബാത്ത്" എന്ന പേരിൽ പുസ്തകരൂപത്തിൽ പുറത്തിറങ്ങിയ തന്റെ പ്രസിദ്ധമായ ജുമുഅഖുതുബകൾക്ക് അദ്ദേഹം തുടക്കം കുറിച്ചത്

**ദാറുൽ ഇസ്‌ലാമും ജമാഅത്തെ ഇസ്‌ലാമിയും**

ഇദാറ ദാറുൽ ഇസ്‌ലാമിന്റെ ഭരണഘടനക്ക് പിന്നീട് രൂപീകരിക്കപ്പെട്ട ജമാഅത്തെ ഇസ്‌ലാമിയുടെ ഭരണഘടനയുമായി വളരെ സാദൃശ്യമുണ്ടായിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ ബീജാവാപം നടന്നത് ഇദാറ ദാറുൽ ഇസ്‌ലാമിലും അതിന്റെ ഭരണഘടനയിലുമാണെന്നതന്നെ പറയാം. ശൂറാ സമ്പ്രദായത്തിലും തിരഞ്ഞെടുപ്പിലും അധിഷ്ഠിതമായിരുന്നു ഇദാറയുടെ ഘടന. അതിന്റെ അംഗത്വത്തിനും ജീവിത വിശുദ്ധിക്ക് പ്രാധാന്യം നൽകപ്പെട്ടിരുന്നു. പ്രബോധനം, പ്രസിദ്ധീകരണവും പ്രചാരണവും, സ്വഭാവനിർമാണം, വൈജ്ഞാനിക പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ഇസ്‌ലാമിക വിപ്ലവത്തിന്റെ മാർഗമായി അതിലും എടുത്തു പറഞ്ഞിരുന്നത്. പ്രവർത്തകരെ വാർത്തെടുക്കൽ, പള്ളികൾ മുഖേനയുള്ള മതപ്രബോധനം, സാമ്പത്തിക പദ്ധതികളിലൂടെ ഹലാലായ മാർഗത്തിൽ ഭക്ഷണം സമ്പാദിക്കൽ തുടങ്ങിയ പരിപാടികൾ ദാറുൽ ഇസ്‌ലാമിലും ഉണ്ടായിരുന്നു.

ഭരണഘടന അനുസരിച്ച് "ഇദാറ ദാറുൽ ഇസ്‌ലാം" എന്നായിരുന്നു അതിന്റെ പേര്. ദൈവികവാക്യം ഉയർത്തിപ്പിടിക്കുക, മുസ്‌ലിംകളുടെ സംഘടിതാവസ്ഥ പുനസ്ഥാപിക്കുക തുടങ്ങിയവയായിരുന്നു പ്രധാന ലക്ഷ്യം. ഇദാറയുമായി ബന്ധപ്പെട്ടവരെ അംഗങ്ങളും മുആവിനുകളുമായി തരംതിരിച്ചിരുന്നു. ചെയർമാനെ ശൂറാ അംഗങ്ങൾ തെരഞ്ഞെടുക്കുകയായിരുന്നു ചെയ്തിരുന്നത്. അംഗത്വത്തിന് ഏതെങ്കിലും മദ്ഹബുമായോ കക്ഷിയുമായോ ഉള്ള ബന്ധം ഉപാധിയായിരുന്നില്ല. ഖുർആനും സുന്നത്തുമനുസരിച്ചുള്ള പ്രവർത്തനം അനിവാര്യമായിരുന്നു. അംഗത്വത്തിനുവേണ്ടി മുറപ്രകാരം സത്യപ്രതിജ്ഞ ചെയ്യേണ്ടതുണ്ടായിരുന്നു. തർക്കങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി 'ഖാദി'യെ നിശ്ചയിച്ചിരുന്നു. അനിസ്‌ലാമിക കോടതികളെ സമീപിക്കുന്നവരുടെ അംഗത്വം റദ്ദാക്കപ്പെട്ടിരുന്നു. സർക്കാറിതര മാർഗങ്ങളിലൂടെയുള്ള സംഭാവനകൾ, സദഖ, സകാത്ത്, വഖ്ഫ് തുടങ്ങിയവയായിരുന്നു വരുമാന മാർഗങ്ങൾ. സാമ്പത്തിക കാര്യങ്ങൾക്കായി ഒരു സാമ്പത്തിക നയവും ആവിഷ്കരിക്കപ്പെട്ടിരുന്നു. അംഗങ്ങൾക്ക് കഴിവും യോഗ്യതയുമനുസരിച്ച് ജോലികൾ വിഭജിച്ചുനൽകിയിരുന്നു. അഞ്ചംഗങ്ങൾ ഉള്ള ഒരു സ്ഥലത്ത് ഇദാറയുടെ ശാഖ സ്ഥാപിക്കാൻ അനുവാദം നൽകപ്പെട്ടിരുന്നു. അതുപോലെ മുആവിനുകൾക്കും തങ്ങളുടേതായ ശാഖകൾ സ്ഥാപിക്കാമായിരുന്നു.

'ഇദാറ'യിൽ താമസിക്കുന്നതിനും ചില നിബന്ധനകൾ ചുമത്തപ്പെട്ടിരുന്നു. ശൂറാ അംഗങ്ങൾക്കും ചെയർമാന്നും പ്രത്യേകം സത്യപ്രതിജ്ഞകൾ ഉണ്ടായിരുന്നു. ഈ കാര്യങ്ങളൊക്കെ പിന്നീട് ജമാഅത്തെ ഇസ്‌ലാമിയുടെ ഭരണഘടനയിലും അത്യാവശ്യമായ ഭേദഗതികളോടെ ഉൾപെടുത്തപ്പെടുകയുണ്ടായി.

1938 ഒക്ടോബർ 14 മുതൽ 1939 ജനുവരി 15 വരെ ജമാൽപൂരിൽ ഈ "ഇദാറ" സംഘടിതമായ രൂപത്തിൽ പ്രവർത്തിച്ചു. പിന്നീട് ട്രസ്റ്റംഗങ്ങൾക്കിടയിലുണ്ടായ അഭിപ്രായ ഭിന്നതകളെ തുടർന്ന് ഇദാറയുടെ ഓഫീസ് ജമാൽപൂരിൽനിന്ന് ലാഹോറിലെ പുഞ്ച് റോഡിലേക്ക് മാറ്റാൻ ശൂറാ തീരുമാനിച്ചു. 1939 ജുവരി 26-ന് ഇദാറയുടെ ഓഫീസ് ലാഹോറിലേക്ക് മാറ്റപ്പെട്ടു. "ദാറുൽ ഇസ്‌ലാം ട്രസ്റ്റും", ദാറുൽ ഇസ്‌ലാം ബസ്തിയും", "ഇദാറ ദാറുൽ ഇസ്‌ലാമും" വ്യത്യസ്തമായിരുന്നു എന്നാണ് ഇതിൽനിന്ന് മനസ്സിലാവുന്നത്. "ദാറുൽ ഇസ്‌ലാം ബസ്തി" എന്നത് ജമാൽപൂർ ഗ്രാമത്തിന്റെ മറ്റൊരു പേരായിരുന്നു. ഇദാറ ദാറുൽ ഇസ്‌ലാം, മൗദൂദിയും അദ്ദേഹത്തിന്റെ ഏതാനും സഹപ്രവർത്തകരും ജീവനാഡിയായുള്ള പ്രബോധന ഇൻസ്റ്റിറ്റ്യൂട്ടും.

ചൗധരി നിയാസ് അലി സാഹിബിന്റെയും മൗലാനാ മൗദൂദിയുടെയും രാഷ്ട്രീയ വീക്ഷണങ്ങളും പ്രബോധനരീതികളും തമ്മിലുള്ള വ്യത്യാസവും ഈ ഓഫീസ് മാറ്റത്തിന്റെ കാരണങ്ങളിലൊന്നായിരുന്നു. ഇദാറ ദാറുൽ ഇസ്‌ലാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിന് ദാറുൽ ഇസ്‌ലാം ട്രസ്റ്റിന്റെ രക്ഷാകർതൃത്വവും മതിയാവുകയില്ലെന്ന് മൗദൂദി മനസ്സിലാക്കി. തന്റെ മതപരമായ വീക്ഷണങ്ങളും രാഷ്ട്രീയ കാഴ്ചപ്പാടുകളും കൂടുതൽ സ്വാതന്ത്ര്യത്തോടെ ആവിഷ്കരിക്കാനുള്ള ഒരു സാഹചര്യം മൗദൂദിക്കാവശ്യമായിരുന്നു.

ലാഹോറിലേക്ക് മാറിയതിനുശേഷം ഇദാറ, അതിന്റെ ഭരണഘടനയിൽ പ്രഖ്യാപിച്ച ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനം തുടർന്നു. 1941 ആഗസ്റ്റ് 26-ന് ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കപ്പെട്ടപ്പോൾ ഇദാറ ദാറുൽ ഇസ്‌ലാം ജമാഅത്തിൽ ലയിപ്പിക്കുകയാണുണ്ടായത്. ഇദാറ ദാറുൽ ഇസ്‌ലാമിന്റെയും ജമാഅത്തെ ഇസ്‌ലാമിയുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ വളരെയൊന്നും വ്യത്യസ്തമായിരുന്നില്ല, ഇദാറ ദാറുൽ ഇസ്‌ലാം അതിന്റെ അന്തിമരൂപത്തിൽ ജമാഅത്തെ ഇസ്‌ലാമിയായി മാറി. ജമാഅത്തെ ഇസ്‌ലാമി അതിന്റെ പ്രാഥമിക രൂപത്തിൽ ഇദാറ ദാറുൽ ഇസ്‌ലാമിൽ ഉൾപെട്ടിരുന്നു. ഇദാറ ദാറുൽ ഇസ്‌ലാം വൈജ്ഞാനിക തലത്തിൽനിന്ന് പ്രവർത്തന തലത്തിലേക്ക് വന്നപ്പോൾ ജമാഅത്തെ ഇസ്‌ലാമിയായി മാറുകയാണുണ്ടായത്.

(സയ്യിദ് അസ്അദ് ഗീലാനിയുടെ 'താരീഖെ ജമാഅത്തെ ഇസ്‌ലാമി' എന്ന ഗ്രന്ഥത്തിൽ നിന്നുള്ള സംഗ്രഹവിവർത്തനം)